**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 841** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ, വികസന ഫണ്ടുകളുടെ വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ എം എസ് അരുൺ കുമാർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി ക്ഷേമ ഫണ്ട് വിനിയോഗത്തിൽ ചിലയിടങ്ങളിൽ ക്രമക്കേട് കണ്ടെത്തിയ സാഹചര്യത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ, വികസന ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് കർശന നിരീക്ഷണം ഏർപ്പെടുത്തുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ, വികസന ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കുള്ള വികസന, ക്ഷേമ പദ്ധതികൾ അർഹരിലേക്കെത്തുന്നുവെന്ന് ഉറപ്പാക്കാൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങളുണ്ടെന്ന് അറിയിക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ ക്ഷേമ വികസന പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിച്ച് സമയബന്ധിതമായാണ് നടപ്പാക്കി വരുന്നത്. വകുപ്പ് തലത്തിലും ജില്ലാതലത്തിലും നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ക്ഷേമ വികസന പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പുരോഗതി വിലയിരുത്തുകയും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു വരുന്നു. വകുപ്പിന്റെ ആഭ്യന്തര ആഡിറ്റ് വിഭാഗം വകുപ്പ് നടപ്പാക്കുന്ന എല്ലാ പദ്ധതികളും വിശദമായി പരിശോധിക്കുകയും ന്യൂനത പരിഹരണ നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു. വകുപ്പിന്റെ പദ്ധതികൾ അർഹരായ ഗുണഭോക്താക്കൾക്കു തന്നെയാണോ ലഭിക്കുന്നതെന്നത് സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ ഉന്നതതല പരിശോധന ബന്ധപ്പെട്ട ഓഫീസുകളിൽ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിക്കുന്ന പദ്ധതി വിഹിതം അർഹരായവർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ വിഭാഗത്തിന് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ പ്രമോട്ടർമാരുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം സഹായകരമാകുന്നുണ്ട്. പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കാൻ വേണ്ടി പട്ടികവർഗ്ഗ മേഖലകളിൽ തെരഞ്ഞെടുത്ത് നിയമിക്കപ്പെടുന്ന ഫെസിലിറ്റേറ്റർമാരാണ് പട്ടികവർഗ്ഗ പ്രമോട്ടർമാർ. അർഹരായ ഗുണഭക്താക്കളെ തെരഞ്ഞെടുത്ത് മുൻഗണനാക്രമം നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത് ഊരുകൂട്ടങ്ങളെയാണ്. പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും പ്ലാൻ സ്പെയിസിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകൾ സന്ദർശിച്ച് സാമ്പത്തിക ഭൗതിക സ്ഥിതിവിവരങ്ങൾ വിലയിരുത്തുന്നതിലൂടെ ആനുകൂല്യങ്ങൾ അർഹരായ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |
| (സി) | വ്യക്തിഗത ആനുകൂല്യങ്ങൾ അർഹരിലേക്കെത്തുന്നുവെന്നും അനർഹർ കൈക്കലാക്കുന്നില്ലെന്നും ഉറപ്പ് വരുത്താൻ എസ്.സി., എസ്.ടി. പ്രൊമോട്ടർമാരുടെ സേവനം വിനിയോഗിക്കുന്നുണ്ടോ; ഇവരുടെ കാര്യശേഷി ഉയർത്താനായി പരിശീലന പരിപാടികൾ ഉണ്ടോയെന്നറിയിക്കുമോ? | (സി) | വകുപ്പിന്റെ പദ്ധതികൾ അർഹരായ ഗുണഭോക്താക്കൾക്കു തന്നെയാണോ ലഭിക്കുന്നതെന്നത് ഉറപ്പ് വരുത്തുന്നതിനായി എസ്.സി., എസ്.ടി പ്രൊമോട്ടർമാരുടെ സേവനവും വിനിയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ